# മുഹർറം ഒരു സമർപ്പണം

**മുഹർറം.**

അറബിക് കലണ്ടറിലെ ഒന്നാമത്തെ മാസമാണ് മുഹർറം. ഏകദൈവം ആദരണീയമാക്കിയ മാസങ്ങളിലൊന്നാണത്. ചരിത്രം ആ മാസത്തെ പുകൾപെറ്റതാക്കി.

ഏകദൈവവും മനുഷ്യനും തമ്മിലുള്ളതാണല്ലോ ബന്ധങ്ങളിൽ ഏറെ പ്രധാനം. അതിന് വിവിധ ഭാവങ്ങളുണ്ട്. വികാരങ്ങളും. അത് നിഷ്കളങ്കവും അന്വർഥവുമാക്കാനുള്ള യത്നത്തിനിടെ ചില മഹാന്മാർ ചരിത്രത്തിലേക്ക് കടന്നുവന്നത് ഈ മാസത്തിലാണ്.

ആ മാസത്തിലെ ശ്രദ്ധാകേന്ദ്രമാണ് അതിലെ പത്താം ദിനം. പ്രവാചകൻ മൂസാ(അ)യുടെ അദ്ഭുത വിജയം കൊണ്ട് പുകൾപെറ്റതാണത്.

കോപ്റ്റിക് ചക്രവർത്തി ഫറവോൻെറ അടിമകളായി ഈജിപ്തിൽ, അടിച്ചമർത്തപ്പെടുകയായിരുന്നല്ലോ മൂസായടക്കമുള്ള ഇസ്രാഈൽ സന്തതികൾ.

മൂസായെ ഏകദൈവം പ്രവാചകനായി നിയോഗിച്ചു. ഇസ്രാഈല്യരെ മോചിപ്പിക്കുക, ഫറവോനെ ഏകവൈത്തിലേക്ക് ക്ഷണിക്കുക. അതായിരുന്നു അദ്ദേഹത്തിൻെറ ദൗത്യം.

പക്ഷേ, ഫറവോൻ ശക്തമായി പ്രതിരോധിച്ചു. അവൻ സ്വയം ദൈവം ചമഞ്ഞു.

ഒരു രാത്രി, ഇസ്രാഈൽ മക്കളെയും കൊണ്ട് നാട് വിടാൻ ദൈവം മൂസാക്ക് ഉത്തരവേകി. ഫറവോൻ വിലങ്ങിട്ട അടിമത്തച്ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് ഏകദൈവത്തിൻെറ ദാസ്യത്തിലേക്കും വിമോചനത്തിലേക്കും അവർ പലായനം തുടങ്ങി. സ്ത്രീകളും കുട്ടികളും ആബാലവൃദ്ധം ജനങ്ങളായിരുന്നു അവർ. പക്ഷേ, സർവായുധ വിഭൂഷിതരായ ഫറവോനും കോപ്റ്റിക് സേനയും അവരെ പിന്തുടർന്നു.

മൂസായും കൂട്ടരും ചെങ്കടൽ തീരത്ത് വഴിമുട്ടിനിന്നു. പിന്നിൽ ഫറവോൻെറ സേനയും. ഏകദൈവവിശ്വാസികൾ ചകിതരായി. കൂട്ടമരണം ഉറപ്പിച്ച അവർ ദൈവത്തിനു നേരെ കൈനീട്ടി. ഏകദൈവം മൂസായോട് കല്പിച്ചു: "നീ നിൻെറ വടികൊണ്ട് സമുദ്രത്തിലടിക്കുക."

അടിച്ചു. അടിയേറ്റ് സമുദ്രം പിളർന്ന് അവർക്ക് വഴിയൊരുങ്ങി. മനുഷ്യചരിത്രത്തിൽ സ്തോഭജനകമായ ഒരദ്ധ്യായത്തിലേക്കുള്ള വഴിയായിരുന്നു അത്.

സമുദ്രത്തിൽ ഒരുക്കിയ വഴിയിലൂടെ ഇസ്രാഈല്യർ മറുകരയിലേക്ക് ഓട്ടമായി.

ഫറവോനും സൈന്യവും അതിലൂടെ അവരെ പിന്തുടരാൻ ശ്രമിച്ചു. പക്ഷേ, തന്നെ ഏകദൈവമായി അംഗീകരിച്ച തൻെറ ദാസന്മാർക്ക് അവൻ തയാറാക്കിയ സാഗരവഴിയായിരുന്നു അത്. സമുദ്രവും ദൈവകല്പനക്ക് വിധേയമാണല്ലോ. ഫറവോനും സൈന്യവും ആ വഴിയിലൂടെ മുന്നേറി.

ദൈവം സമുദ്രത്തിന് കല്പനയേകി. അതാ അത് പഴയതു പോലെയായി. അഹങ്കാരിയായ ഒരു ചക്രവർത്തിയും സൈന്യവും ചെങ്കടൽ തിരകളിൽ ഒടുങ്ങുകയായി.

ദൈവമാർഗത്തിൽ അടിയുറച്ചുനില്ക്കുന്നവർക്ക്, ലൗകികസംവിധാനങ്ങളെപ്പോലും വെല്ലുന്ന തരത്തിലുള്ള ദൈവിക സഹായമായിരുന്നു അത്. മനുഷ്യലോകം അത് എക്കാലവും ഗുണപാഠമായി സ്മരിക്കണം. അതിനാൽ ആ ദിനം വ്രതാനുഷ്ഠിച്ച് വിശ്വാസികൾ തങ്ങളുടെ വിശ്വാസസമർപ്പണത്തെ ഒന്നും കൂടെ സുദൃഢമാക്കുന്നു.

ഏറെ പ്രാധാന്യമുള്ളതാണ് ആ വ്രതം.

**മുഹർറം പത്ത്, കർബല!**

പ്രവാചകൻ മുഹമ്മദി(സ)നും നാല് ഉത്തരാധികാരികൾക്കും ശേഷം ഇസ്‌ലാമികഭരണം പരമ്പരാഗത രാജവാഴ്ചയിലേക്ക് വഴിമാറി. ഖുർആനിക വ്യവസ്ഥ ഭരണത്തിന് അജ്ഞാതമായി. ഭരണകൂടം ഏകദൈവ വിശ്വാസികളായിരുന്നു. എന്നിട്ടും ദുർഭരണം. രാജവാഴ്ചയുടെ അരാചകത്വം. ഏകാധിപത്യത്തിൻെറ തേർവാഴ്ച. നീതി അന്യമായി.

ഖുർആൻെറ മൂല്യങ്ങളിലൂടെ ഭരണകൂടത്തെ പുനഃസംവിധാനിക്കാനും ജനാഭിലാഷം സംരക്ഷിക്കുവാനും പ്രവാചകൻെറ പൗത്രൻ ഹുസൈനും ഏതാനും അനുയായികളും ഒരുങ്ങിത്തിരിച്ചു. അവർ നടത്തിയ ഐതിഹാസിക ശ്രമത്തിൻെറ ദുരന്തപൂർണമായ പര്യവസാനം ഓർമകളിൽ ഇന്നും ചെഞ്ചായമണിഞ്ഞു നിൽക്കുന്നു.

കർബല ഇന്നും വിശ്വാസ സമർപ്പണത്തിൻെറ അനശ്വര സാക്ഷ്യമാണ്.

എല്ലാ ചരിത്രസംഭവങ്ങളും സന്ദേശമാകുന്നു. അവ പാഠമേകുന്നതിനുള്ളതാണ്. അതുൾക്കൊള്ളുന്ന സാരാംശവും ഒന്നുമാത്രം:

"ഏകദൈവമാണ് എൻെറ നാഥൻ. എൻെറതെല്ലാം അവനുള്ളതത്രെ. അവനു വേണ്ടി സർവം സമർപ്പിക്കുന്നതിലാണ് എൻെറ വിജയവും ജീവിതസാഫല്യവും."